2015-16 വർഷത്തേയ്ക്ക് വീടുകളിലെ ഊർജ്ജ ഉപയോഗം ഓഡിറ്റ് നടത്തുന്നതിന് സർട്ടിഫൈഡ് ഹോം എനർജി ഓഡിറ്റർ പരിപാടി, കുട്ടികൾക്കായി ഊർജ്ജവിജ്ഞാന പരീക്ഷ, ഊർജ്ജസംരക്ഷണ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സാമ്പത്തിക സഹായം എന്നിവയും ലക്ഷ്യമിടുന്നു.

ഊർജ്ജസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഇതിനകം 882 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്കായി കെ.എസ്.ഇ.ബി.-ക്ക് സർക്കാർ 2014-15-ലെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ 1.95 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവഴി താഴെപ്പറയുന്ന പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖാന്തരം നടപ്പിലാക്കിയിട്ടുണ്ട് :

1. തിരുവനന്തപുരം പേയാട് സെക്ഷനിൽ വിതരണ ലൈനുകളിലെ ഊർജ്ജ നഷ്ടം ഒഴിവാക്കുന്നതിലേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം പ്രോജക്ട്.

2. ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി എനർജി ഓഡിറ്റിംഗിന് വേണ്ട ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

3. പുഞ്ച/കോൾ നിലങ്ങളിലെ കൃഷിക്കായി വെള്ളം പമ്പുചെയ്യുന്ന കാര്യക്ഷമത കുറഞ്ഞ പെട്ടി-പറ സമ്പ്രദായം മാറ്റി കാര്യക്ഷമതയുള്ള പമ്പിംഗ് രീതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചങ്ങനാശ്ശേരി താലൂക്കിൽ 'നെൽപുര പുറത്ത്'' പാടത്ത് പരീക്ഷണാടിസ്ഥാനത്തിൽ 7.5 കുതിരശക്തിയുള്ള പമ്പ് സ്ഥാപിച്ച് വിജയകരമായി നടത്തിവരുന്നു. സംസ്ഥാനത്തിൽ ഈ പദ്ധതി വ്യാപകമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

4. കൂടാതെ, ഈ ഇനത്തിൽ ചെലവഴിച്ച് സർക്കാർ ആശുപത്രികളിൽ ഊർജ്ജക്ഷമതയുള്ള ലൈറ്റുകളും ഫാനുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയിൻ കീഴിൽ പുനലൂർ താലൂക്കാശുപത്രി, അടൂർ ജനറൽ ആശുപത്രി, നിലമ്പൂർ ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ 2015 സെപ്റ്റംബർ മാസത്തോടെ ഊർജ്ജക്ഷമതയുള്ള ലൈറ്റുകളും ഫാനുകളും സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.

കൊല്ലം ഠൗണിൽ വൈദ്യുതി വിതരണത്തിന് ആർ.എം.യു., എസ്.സി.എ.ഡി.എ. സംവിധാനങ്ങൾ

23 (368) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി വിതരണത്തിനായി റിംഗ് മെയിൻ യൂണിറ്റ് (RMU), സൂപ്പർവൈസറി കൺട്രോൾ ആന്റ് ഡേറ്റാ അക്വസിഷൻ (SCADA) എന്നീ സംവിധാനങ്ങൾ കൊല്ലം ഔണിന്റെ വികസനത്തിന് അനിവാര്യമായതിനാൽ പ്രസ്തുത സംവിധാനം കൊല്ലം ഔണിൽ അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

റിംഗ് മെയിൻ യൂണിറ്റ് (RMU), സൂപ്പർവൈസറി കൺട്രോൾ ആന്റ് ഡേറ്റാ അക്വിസിഷൻ (SCADA) എന്നീ സംവിധാനങ്ങൾ കൊല്ലം നഗരത്തിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

കേന്ദ്ര പൂളിൽനിന്നുള്ള വൈദ്യുതിയുടെ ലഭ്യത

24 (369) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മുതൽ 2014 വരെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേന്ദ്ര പൂളിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്നതെന്നും ഇതിൽ എത്ര വൈദ്യുതി ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ ;

(ബി) കേന്ദ്ര പൂളിൽനിന്ന് ലഭിക്കേണ്ട വൈദ്യുതി ഈ കാലയളവിൽ വെട്ടിക്കുറച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന് കാരണമായി പറയുന്നതെന്താണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2011 മുതൽ 2014 വരെ കേന്ദ്ര വിഹിതമായി ലഭിച്ച വൈദ്യുതിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :

വർഷം	അർഹമായ വിഹിതം	ഉപയോഗപ്പെടുത്തിയ വൈദ്യുതി	സറണ്ടർ	URS വഴി
2011-12	8336.62 മില്യൺ യൂണിറ്റ്	8289.59 മില്യൺ യൂണിറ്റ്	47.03 മില്യൺ യൂണിറ്റ്	...
2012-13	8974.37 മില്യൺ യൂണിറ്റ്	9069.64 മില്യൺ യൂണിറ്റ്	...	92.57 മില്യൺ യൂണിറ്റ്
2013-14	9122.21 മില്യൺ യൂണിറ്റ്	9175.16 മില്യൺ യൂണിറ്റ്	...	52.94 മില്യൺ യൂണിറ്റ്

LIBRARY ARCHIVES Kerala Legislative Assembly